# INTERFAITH PEACE MESSAGE OF THE KHALIFATHULLAH HAZRAT MUNIR AHMAD AZIM (ATBA) AT PEACE PARK SPECIAL SCHOOL, MATHRA, KERALA, INDIA

## ***DELIVERED ON 19-01-2017***

## വിവിധ മത വിശ്വാസികൾക്കിടയിൽ ഹസ്രത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം (ATBA) കേരളത്തിലെ കൊല്ലം ജില്ലയിൽ, മാത്രയിലെ പീസ് പാർക്ക് സ്പെഷ്യൽ സ്കൂളിൽ വെച്ച് 19-01-2017 – ൽ നല്കിയ ശാന്തിസന്ദേശം

സമാധാനം എന്ന വാക്ക് ദൈവത്തിൽ നിന്നുള്ളതാകുന്നു. ഇത് ദൈവത്തിന്റെ ഗുണനാമങ്ങളിൽ ഒരെണ്ണമാകുന്നു. അറബിക് ഭാഷയിൽ ഇത് ഉച്ചരിക്കുന്നത് അസ്സലാം (സമാധാനം, സമാധാനത്തിന്റെ ഉറവിടം) എന്നാകുന്നു. സംസ്കൃതത്തിലും സമാധാനത്തെ നിർവ്വഹിച്ചിരിക്കുന്നതു നമുക്ക് കാണാം. ശാന്തി, എന്നാണ് വർണ്ണിച്ചിരിക്കുന്നത്. ആയതിനാൽ സമാധാനത്തിനും നിർവൃതിക്കും ദൈവവുമായി അഭേദ്യമായ ഒരു ബന്ധം നമുക്ക് കാണുവാൻ കഴിയും. അത് നമ്മുടെ അന്തഃകരണവുമായി ബന്ധിതമാണ്. ആന്തരിക സമാധാനമില്ലാതെ, ആന്തരിക സലാം ഇല്ലാതെ, ആന്തരിക ശാന്തി ഇല്ലാതെ നമുക്ക് സർവ്വശക്തനായ ദൈവവുമായി, നമ്മെ സ്വയം അവനുമായി ബന്ധിപ്പിക്കുവാൻ സാധിക്കുകയില്ല. കാലങ്ങളിലൂടെ വിവിധ പ്രതിനിധികളിലൂടെ സർവ്വശക്തനായ ദൈവം അവന്റെ പ്രവാചകന്മാരിലൂടെ, ജനങ്ങൾക്കിടയിൽ സമാധാനം കൈവരുത്തുവാൻ, ശാന്തി വ്യാവിപ്പിക്കുവാൻ, സാഹോദര്യം ഊട്ടി ഉറപ്പിക്കുവാൻ എല്ലാ ജനങ്ങളെയും ക്ഷണിച്ചിട്ടുണ്ട്. അവരുടെ ഏകനായ അദ്വിതീയനായ സൃഷ്ടാവിലേക്ക്, സർവ്വശക്തനായ ദൈവത്തിലേക്ക് അല്ലാഹുവിലേക്ക് !

സർവ്വശക്തനായ ദൈവത്തിനെ മുസ്ലിംകൾ എന്തുകൊണ്ട് അല്ലാഹു എന്നു വിളിക്കുന്നു? അങ്ങേഅറ്റം നിയതമായി എന്തുകൊണ്ട് അല്ലാഹു എന്നു വിളിക്കുന്നു. തീർച്ചയായും സർവ്വശക്തനായ ദൈവത്തിന് അനേകം ഗുണനാമങ്ങളുണ്ട്. അതിലെ രണ്ടെണ്ണമാണ് ഞാൻ അല്പം മുൻപ് നിങ്ങളോട് പറഞ്ഞത്. സമാധാനത്തിന്റെ ഉറവിടം എന്നും സർവ്വശക്തനാണെന്നും. അറബിക്

ഭാഷയിൽ ദൈവത്തിന്റെ വ്യക്തിനാമത്തെ വിവരിച്ചിരിക്കുന്നത് അല്ലാഹു എന്നാകുന്നു. കാരണം ഇതിന്റെ സാഹിത്യപരമായ അർത്ഥം പങ്കുകാരില്ലാത്ത അഥവാ കൂട്ടികാരില്ലാത്ത ഒരുവൻ ! അല്ലാഹു അതായത് അദ്വതീയനായ ഒരുവൻ. സംസ്കൃതത്തിൽ അദ്വതീയമായ ആ പേര് സർവ്വശക്തനായ ദൈവത്തിന്റെ അർത്ഥത്തെ പൂർണ്ണമായും വലയം ചെയ്യുന്നതാണ്. അല്ലാഹു ആകുന്നു. പരമേശ്വരൻ : അതിന്റെ സാഹിത്യപൂർണ്ണമായ പേര് അദ്വതീയനായ ദൈവം : സമാനതകളില്ലാത്ത ദൈവം : പരമോന്നതനായ ദൈവം. പരമേശ്വര : എന്ന നാമത്തിൽ രണ്ട് വാക്കുകൾ ഉണ്ട്. പരം എന്നും ഈശ്വര എന്നുമുള്ള വാക്കുകൾ. ഈശ്വര അഥവാ ഈശ്വർ എന്നതിനെ ദൈവം എന്ന നിലയിലാണ് വർണ്ണിച്ചിരിക്കുന്നത്. അതായത് അദ്വിതീയനായ ദൈവം അഥവാ അദ്വതീയനായ ഉടമസ്ഥൻ. പരം എന്ന വാക്ക് ദൈവത്തിന്റെ ഗുണനാമമാകുന്നു. സമുന്നതനായ ദൈവം എന്നർത്ഥം. എല്ലാ സൃഷ്ടികൾക്കും മേലേയുള്ളവൻ, പരമോന്നതനായവൻ. ഒരു മനുഷ്യനെയും അല്ലാഹു അഥവാ പരമേശ്വര എന്ന് ഒരിക്കലും ഒരുകാലത്തും വിളിക്കുവാൻ സാധ്യമല്ല. കാരണം ഈ പറയപ്പെട്ട ഗുണങ്ങൾ ദൈവത്തിന്റെ ഏകത്വ ഔചിത്യത്തിൽപ്പെട്ടതാണ്. എല്ലാ സൃഷ്ടികൾക്കും ഉപരിയായ, പരമോന്നതനായ, എല്ലാത്തിനേയും അതിജയിക്കുന്നവനായ പരമേശ്വരൻ അല്ലാഹു. അതുകൊണ്ടാണ്. മുസ്ലിംകൾ ദൈവത്തെ പരാമർശിക്കുമ്പോൾ അല്ലാഹു എന്ന് സംബോധന ചെയ്യുന്നതിന്റെ അടിസ്ഥാന തത്വം. പ്രസ്തുത നാമം സ്വയം പൂർണ്ണമായും സർവ്വശക്തനായ ദൈവത്തെ വിവരിക്കുന്നതാണ്. അവന്റെ നാമത്തിന് യാതൊരു വിധ അപൂർണ്ണതയും അതുകൊണ്ട് വരുന്നില്ല. അവൻ സ്വയം നിലനില്ക്കുന്നവനാണ്. മാത്രമല്ല അവനെ മാത്രം ആരാധിക്കുവാനും നാം കല്പിക്കപ്പെട്ടിരിക്കുന്നു. അവൻ അദ്വിതീയനായ സൃഷ്ടാവാണ് സമാനതകളില്ലാത്ത ദൈവവുമാണ്. നമ്മുടെ കുട്ടികളെ അല്ലാഹു എന്ന് പേരിടുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു. കാരണം ഈ പേര് നമ്മുടെ സൃഷ്ടാവിനു വേണ്ടി മാത്രമുള്ളതാണ്. അവൻ മാനവകുലത്തിന്റെ സൃഷ്ടാവാണ്. മറ്റെല്ലാ സൃഷ്ടികളുടെയും സൃഷ്ടാവാണ്. അതുകൊണ്ട് നാം കല്പിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തെ അല്ലാഹു എന്ന് വിളിക്കുവാൻ, അവനെ മാത്രം ആരാധിക്കുവാനും അതിലൂടെ ആന്തരിക സമാധാനവും ഐക്യവും നേടുവാനും (കല്പിക്കപ്പെട്ടിരിക്കുന്നു)

ഒരു യഥാർത്ഥ മുസ്ലിം ശാന്തിയോടെ, സർവ്വശക്തനായ ദൈവത്തിന്റെ

മുമ്പിൽ, തന്നെ സ്വയം സത്യസന്ധമായി സമർപ്പിക്കുന്നവനാകുന്നു. അവന്റെ പ്രാഥമിക ഉത്തരവാദിത്വമാണ്. അവന് ചുറ്റും സമാധാനവും ഐക്യവും വ്യാപിപ്പിക്കുക എന്നത്. തീർച്ചയായും മാനവസമുദായം ഒരു കുടുംബമാണ്. കാരണം നാമെല്ലാം വന്നത് അല്ലാഹുവിൽ നിന്നാകുന്നു. നാമെല്ലാം വന്നത് പരമേശ്വരനിൽ നിന്നുമാകുന്നു. ശാന്തിപൂർവ്വം ജീവിക്കുവാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു. ഒരുവൻ ശാന്തിയിലായാൽ, അവൻ ശാന്തി, സലാം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഭൂമിയിൽ നാം എവിടെപോയാലും ഈ ശാന്തി മന്ത്രം സലാം മന്ത്രം നമ്മോടൊപ്പമുണ്ടായിരിക്കണം. തീർച്ചയായും നമ്മൾ മനുഷ്യർ ഈ ഭൂമിയിൽ താത്ക്കാലികമായിട്ടുള്ളവരാകുന്നു. സർവ്വശക്തനായ ദൈവം ഹിംസയെ വെറുക്കുന്നു. മാനവകുലം വീണ്ടും ഒരു കുടുംബമായി ഒരുമിക്കുവാനും, തീഷ്ണമായ നിലയിൽ അവനെ ആരാധിക്കുവാനും അവൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് കാലങ്ങൾ തോറും വീണ്ടും വീണ്ടും പ്രത്യേക ദൂതന്മാരെ നമ്മെപ്പോലെ മനുഷ്യർക്കിടയിൽ നിന്ന് അവരുടെ ജനതയെയും മാനവകുലത്തെയും അവന്റെ നിലനില്പു സംബന്ധമായും അവന്റെ പരമാധികാരം സംബന്ധമായും മുന്നേറിയി നില്ക്കുവാനായി നിയോഗിച്ചുകൊണ്ടിരിക്കുന്നത്.

ദൈവത്തിന്റെ യഥാർത്ഥ പ്രവാചകന്മാരെല്ലാം ഒന്നൊഴിയാതെ സമാധാനത്തിലും ഐക്യത്തിലും കഴിയുവാൻ നമ്മെ ക്ഷണിച്ചിട്ടുണ്ട്. ആരോടും ഒരു ശത്രുതയും വെച്ചു പുലർത്തുരുതെന്നും നമ്മെ ഉപദേശിച്ചിരിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ സന്ദേശത്തെ കൈകൊള്ളുവാൻ അവർക്ക് ദൈവസ്നേഹം ലഭ്യമാകുന്നതാണ്. ദൈവ കാരുണ്യം ലഭിക്കുന്നതാണ്. ദൈവസാമീപ്യം ഉണ്ടാകുന്നതാണ്. എന്നാൽ സർവ്വശക്തനായ ദൈവത്തിൽ നിന്നും പിന്തിരിഞ്ഞു പോകുന്നവർ അവന്റെ പ്രതിനിധികളിൽ നിന്നും പിന്തിരിഞ്ഞു പോകുന്നവർ, അവർ അവരുടെ നഷ്ടത്തിലേക്കാണ് പോകുന്നത്. കാരണം അവർക്കു മുന്നറിയിപ്പ് നല്കിയ ശേഷവും, ദൈവദൂതന്മാരിൽ അവർ വിശ്വസിച്ചില്ല. അവർ അവരുടെ ദുഃഷ് ചെയ്തികളിൽ മുന്നേറികൊണ്ടിരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ വീക്ഷണത്തിൽ ഇത് വളരെ വെറുക്കത്തക്ക പ്രവർത്തിയാണ്. കാരണം സർവ്വശക്തനായ. ദൈവം, അവന്റെ സൃഷ്ടികളെല്ലാം മാനവസമുദായം മൊത്തത്തിൽ ഒരു കുടുംബമായി അവനെ മാത്രം ആരാധിച്ചു

കഴിയുന്നമെന്ന് അവൻ ആഗ്രഹിക്കുന്നു. ഓർക്കുക സർവ്വശക്തനായ ദൈവമാകുന്നു നമുക്ക് ചുറ്റുമുള്ളതെല്ലാം സൃഷ്ടിച്ചത്. ആകാശവും, ഭൂമിയും, നാം ശ്വസിക്കുന്ന വായുവും, നമ്മെ പോലുള്ള മനുഷ്യരെയും ചെടികളെയും സമുദ്രങ്ങളെയും എല്ലാത്തിനെയും അവൻ തന്നെയാണ് സൃഷ്ടിച്ചത്. ഈ സൃഷ്ടിപ്പുകളൊക്കെ അവനല്ലാത്ത മറ്റൊന്നിൽ നാം ചുമത്തുമ്പോൾ, സർവ്വശക്തനായ ദൈവം പറയുന്നത് അസൂയയാലാണ് എന്ന് പറയേണ്ടി വരും. കാരണം അവൻ പറയുന്നു. അവന്റെ സൃഷ്ടികളെല്ലാം അവനെ മാത്രം ആരാധിക്കണമെന്ന്. അവനോടൊപ്പം ഒരു വസ്തുവും അല്ലെങ്കിൽ ഒരാളെയും ചേർക്കാവതല്ല. അതുകൊണ്ടാണു അവൻ കാലകാലങ്ങളിൽ തന്റെ പ്രതിനിധികളെ അയ്ച്ചു കൊണ്ടിരിക്കുന്നത്. വിശിഷ്യാ കലിയുഗ സമയത്ത് (കലിയുഗം = സമ്പൂർണ്ണ അന്ധകാരം) അവന്റെ അവതാരങ്ങളെ, ഋഷിമാരെ, റസൂൽമാരെ, നബിമാരെ അതായത് അവന്റെ പ്രവാചകന്മാരെ, പ്രതിനിധികളെ പരിശുദ്ധ വചനവുമായി അതായത് ദൈവീക വെളിപാടുമായി, അവനെ മാത്രം ആരാധിക്കുവാനായി മാനവകുലത്തിന് മാർഗ്ഗ ദർശനം നല്കുന്നതിനായി നിയോഗിച്ചുകൊണ്ടിരിക്കുന്നു. ഈ സമാധാന ദൗത്യ പ്രക്രീയയ്ക്ക് വളരെ വലിയ പ്രാധാന്യമുണ്ട്.

എല്ലാ മതങ്ങളെകുറിച്ചും നാമൊരു പഠനം നടത്തുകയാണെങ്കിൽ, ദൈവത്തിന്റെ യഥാർത്ഥ ദൂതന്മാരിലൂടെ നിലവിൽ വന്നിട്ടുള്ള എല്ലാ യഥാർത്ഥ മതങ്ങളും, അവയുടെ ദൂതന്മാരും സമാധാനത്തെ ശാന്തിയെ പ്രോത്സാഹിപ്പിക്കുന്നവരായിരുന്നു. ഹൈന്ദവമതത്തിലും, ജൂതമതത്തിലും, ക്രിസ്തുമതത്തിലും, ഇസ്ലാം മതത്തിലും ഇവയ്ക്ക് മുമ്പ് വന്നിട്ടുള്ള എല്ലാ മതങ്ങളിലും അവയുടെ പ്രവാചകന്മാരിലും, ഈ എല്ലാ മതങ്ങളിലും, അവയുടെ ധർമ്മാചാര്യൻമാർ ഏകദൈവത്തെപ്പറ്റിയുള്ള ധാർമ്മികാബോധനമാണ് നടത്തിയിട്ടുള്ളത് എന്ന് മനസ്സിലാക്കാം. അവരുടെ ജനതയിലും രാജ്യത്തും അവർ ഒന്നായി നിലകൊള്ളുവാനും സമാധാനത്തിലും ഐക്യത്തിലും കഴിയുവാനുമാണ് ഉദ്ബോധിപ്പിച്ചിട്ടുള്ളത്. അതിന്റെ കാരണം, സർവ്വശക്തനായ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിന് ആദ്യം ഉണ്ടായിരിക്കേണ്ട കാര്യം ശാന്തിയാണ് സലാമാണ്

എന്റെ പ്രിയ സ്നേഹിതരെ, മനസ്സിലാക്കുക ! സമാധാനമില്ലാതെ, ആന്തരിക നിർവൃതി ഇല്ലാതെ അഥവാ മനഃസമാധാനമില്ലാതെ നമുക്ക്

സർവ്വശക്തനായ ദൈവവുമായി ശരിയായ നിലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിക്കുകയില്ല. സർവ്വശക്തനായ ദൈവം, അവനെ നാമെപ്പോഴും ഭജിക്കണമെന്ന് നമ്മെപ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. അവനെ സ്മരിക്കുന്നതിലൂടെ മാത്രമേ നാം അവനുമായുള്ള സാമീപ്യം അനുഭവിച്ചിറിയുവാൻ കഴിയുകയുള്ളു. ഇതിനാണ് നാം ധ്യാനം എന്നു പറയുന്നത്. നമ്മുടെ ആത്മാവ് ദിക്ക്റുല്ലാഹ് / ദൈവസ്മരണ എന്നു പറയുന്നത്. നമ്മുടെ ആത്മാവിനെ സർവ്വശക്തനായ ദൈവവുമായി ബന്ധിതമാക്കുന്ന വാഹനമാണിത്.

ഇന്നു മുതൽ ഈ ലോകത്തിലെ എല്ലാ കൃത്യാന്തരങ്ങൾക്കും എല്ലാ ദിവസവും കുറഞ്ഞത് അരമണിക്കൂർ സമയത്തേക്ക് അവധി നല്കിയിട്ട്, നമ്മുടെ സർവ്വശക്തനായ ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ അല്ലാഹുവിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ, അല്ലെങ്കിൽ സംസ്കൃതത്തിൽ പറയുന്ന പരമേശ്വരനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ, നിങ്ങളിൽ ഓരോരുത്തർക്കും നിങ്ങളുടെ ഭൗതിക ആത്മീയ ജീവിതത്തിലെ സാക്ഷാൽ സ്ഥിതി കാണുവാൻ കഴിയുന്നതാണ്. മിക്കപ്പോഴും ശരീരത്തെ ബാധിക്കുന്നത് ആത്മീയതയെയും ബാധിക്കുന്നതാണ്. അതുപോലെ തിരിച്ചും. ആയതിനാൽ നാം എല്ലാ കാര്യങ്ങളും വാസ്തവികമായ നിലയിൽ കാണേണ്ടതാണ്. അങ്ങനെ വരുമ്പോൾ നമ്മളിൽ വാസ്തവികമായ കാര്യങ്ങൾ മാത്രമായിരിക്കും സംഭവിക്കുക. നമുക്ക് വിഷാദം അനുഭവപ്പെടുന്നുവെങ്കിൽ അല്ലെങ്കിൽ സർവ്വശക്തനായ ദൈവത്തിലുള്ള പ്രതീക്ഷ നഷ്ടപ്പെടുന്നുവെങ്കിൽ, അത് നമ്മെ കൊല്ലുന്ന ഒരു ഉപകരണമാണ്. നമുക്കെതിരിൽ തിന്മ കടന്നുകയറ്റം നടത്തിയിരിക്കുന്നു. അദ്വിതീയനായ സൃഷ്ടാവിനെ ആരാധിക്കുന്നതിൽ നാം അശ്രാന്തം പരിശ്രമിക്കുകയാണെങ്കിൽ, മുഴുജനതയുടെയും സൃഷ്ടാവായവനെ അവനെ അനുസരിക്കുന്നതിൽ നാം ശ്രദ്ധകേന്ദ്രീകരിച്ചാൻ, അവന്റെ ദൂതന്മാരിലൂടെ അവൻ നല്കിയ എല്ലാ കല്പനകളും ശിരസ്സാവഹിച്ചാൽ, നിങ്ങൾ അവനെ സദാസമയവും സ്മരിച്ചാൽ, എല്ലാ സാഹചര്യത്തിലും സ്മരിച്ചാൽ, അത് നല്ല സമയമാകട്ടെ, മോശസമയമാകട്ടെ, ഇത് നിങ്ങൾക്ക്, നിങ്ങളുടെ ശാരീരിക, മാനസിക, ധാർമ്മിക, ആത്മീയ സത്തകളിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത തരത്തിൽ മുഖ്യമായ ഒരു സ്വാധീനം ചെലുത്തുന്നതാണ്.

മോശമായ യാതൊന്നും നമ്മുടെ മേൽ സ്വാധീനം ചെലുത്തുവാൻ നാം അനുവദിക്കരുത്. എല്ലാ മോശം വാസനകളെയും നാം കീഴ്പ്പെടുത്തുക തന്നെ

ചെയ്യണം. എന്നിട്ട് നാം ദൈവത്തിന്റെ സംരക്ഷണയിലായിതീരണം. ദൈവത്തോട് സത്യതയോടെ ബന്ധപ്പെടണം, എല്ലാ കാര്യത്തിലും അവന്റെ സഹായം അന്വേഷിച്ചുകൊണ്ടിരിക്കണം.

നമ്മളെല്ലാം ദൈവത്തിന്റെ ആളുകളാണ്. ദൈവത്തിന്റെ ദാസന്മാരാണ്. നമ്മൾ ഭിന്നിച്ചു പോകാൻ ഇടയാവരുത്. അത് രാഷ്ട്രീയത്തിന്റെ പേരിലായാലും ശരി മറ്റെന്തിന്റെ പേരിലായാലും ശരി ! പരസ്പര പൂരകമായി നാം നിലകൊള്ളണം. നാം എല്ലാ ഓരോരുത്തരെയും സേവിക്കുവാനായി നിലകൊള്ളണം. നാം എല്ലായിടത്തും സമാധാനം വ്യാപിപ്പിക്കണം. അതുകൊണ്ടാണ് ഇസ്ലാമിനു വേണ്ടി സംസാരിച്ചുകൊണ്ട്. ഞാൻ നിങ്ങളുടെ മുമ്പാകെ നില്ക്കുന്നത്, സത്യവചനങ്ങൾ, സമാധാനവാക്കുകൾ വ്യപിക്കുവാനായി. കാരണം ഇത് ഇസ്ലാമിന്റെ അടിസ്ഥാനശിലകളിലൊന്നാണ്. സമാധാന വാക്കുകൊണ്ട് പരസ്പരം അഭിവാദ്യം ചെയ്യുവാൻ ഇസ്ലാം നമ്മെ പഠിപ്പിക്കുന്നു. അറബിക് ഭാഷയിൽ അതുകൊണ്ടാണ് നാം പറയുന്നത് അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹുഅതിന്റെ അർത്ഥം സർവ്വശക്തനായ ദൈവത്തിന്റെ സമാധാനവും, അനുഗ്രഹങ്ങളും നിങ്ങളുടെ മേൽ ഉണ്ടാകട്ടെ

ദൗർഭാഗ്യവശാൽ, ഭീകരാക്രമണ മാർഗത്തിലൂടെ, ഇസ്ലാമിന്റെ പേരിൽ കുറ്റം ചെയ്തു കൊണ്ടിരിക്കുന്നതിനാൽ, ഇസ്ലാം മതത്തെ കുറിച്ച് ഇന്ന് വേണ്ടതുപോലെ ജനങ്ങൾ മനസ്സിലാക്കുന്നില്ല. എന്റെ പ്രിയ സ്നേഹിതരെ ! ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ ഭീകരപ്രവർത്തനം ഭീകരപ്രവർത്തനം തന്നെയാണ്. അത് ഇസ്ലാമല്ല ! അഥവാ അത് മറ്റേതെങ്കിലും മതവുമില്ല. ഭീകരപ്രവർത്തനത്തിന് ഒരു മുഖമേ ഉള്ളു. അത് ചീത്തയായതുമാണ്. ഇസ്ലാം സമാധാനത്തിന്റെ മതമാകുന്നു. മനുഷ്യനെ തന്റെ മൃഗീയാവസ്ഥയിൽ നിന്നും അവനെ മാറ്റി സമ്പൂർണ്ണമായ ധാർമ്മിക ആത്മീയ പാതയിൽ എത്തിക്കുക. അങ്ങനെ അവനെ ഒരു യഥാർത്ഥ മനുഷ്യനാക്കി തീർക്കുക എന്നതാണ് ഇസ്ലാം പ്രബോധിക്കുന്നത്.ദൗർഭാഗ്യവശാൽ ഇന്ന്ഇസ്ലാമിനെ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഇസ്ലാമിന്റെ അർത്ഥവും അത് നിലനില്ക്കുന്നതു ഭീകരപ്രവർത്തനത്തിനാണ് എന്ന് വരുത്തി തീർന്നിരിക്കുന്നു. പരിപൂർണ്ണമായും ഇത് തെറ്റായ മോശമായ കാര്യമാണ്. കാരണം എല്ലാ മതശാഖകളിലെയും വിവിധ ആളുകൾ ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുണ്ട്. അവരുടെ മതങ്ങളുടെ യഥാർത്ഥ

അധ്യാപനങ്ങളുടെ മുമ്പിൽ അവർചെല്ലേണ്ടതുണ്ട്. പ്രസ്തുത മതങ്ങളൊക്കെയും സമാധാനം പ്രബോധിക്കുന്നതും എല്ലാ ആളുകളോടും ദൈവത്തെ ആരാധിക്കുവാനും സമാധാനത്തിലും ഐക്യത്തിലും ലോക ജനതയോടൊപ്പം കഴിയുവാനുമാണ് ആഹ്വാനം ചെയ്യുന്നത്.

ഞാൻ എന്റെ പ്രിയ സ്നേഹിതരോട് അപേക്ഷിക്കുകയാണ്. ഇസ്ലാമിനെതിരിൽ, ഇതിന്റെ അധ്യാപനങ്ങൾക്കെതിരിൽ യാതൊരു വിധ സങ്കുചിതമനഃസ്ഥിതിയും വെച്ചു പുലർത്താതിരിക്കുക. സർവ്വശക്തനായ ദൈവം നമുക്കെല്ലാപേർക്കും ഉള്ളതാണ്. അതുകൊണ്ടു തന്നെ അവന്റെ അധ്യാപനങ്ങളും സാർവ്വദേശീയമാണ്. ഇസ്ലാമിന് മോശമായ ഒരു പ്രവർത്തിയും ചെയ്യുവാൻ കഴിയില്ല. കാരണം ഇത് സമ്പൂർണ്ണമായ സമാധാനത്തെ പ്രോത്സാഹിപ്പിക്കുന്ന മതമാണ്. ദൈവത്തിന്റെ എല്ലാ സത്യവാന്മാരായ പ്രവാചകന്മാരുടെയും സത്യമായ അധ്യാപനങ്ങൾ ഉൾക്കൊള്ളുന്ന മതമാണിത്. ശ്രീരാമചന്ദ്രന്റെയും, ശ്രീകൃഷ്ണന്റെയും, ഏബ്രഹാം, മൂസാ, ദാവൂദ്, സുലൈമാൻ, യേശു, മുഹമ്മദ് (എല്ലാവരുടെ മേലും ദൈവീകാനുഗ്രഹം ഉണ്ടാകട്ടെ) തുടങ്ങിയ പ്രവാചകന്മാരുടെ അധ്യാപനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അന്ധകാര കാലഘട്ടത്തിൽ തന്റെ ദാസന്മാരെ നഷ്ടപ്പെട്ടവനായി ദൈവം ഒരിക്കലും ഉപേക്ഷിക്കില്ല. എന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. അവന്റെ സംശുദ്ധമായ മതം നവീകരിക്കുന്നതിനായി അവൻ പരിഷ്ക്കർത്താക്കളെ, അവതാരങ്ങളെ നിയോഗിച്ചുകൊണ്ടിരിക്കും. നിങ്ങളിൽ എല്ലാവരിലേക്കും യഥാർത്ഥ അധ്യാപനങ്ങളെ മടക്കിക്കൊണ്ട് വരുത്തതിന് വേണ്ടി. കാരണം ഈ അധ്യാപനങ്ങൾ എപ്പോഴും സത്യമായിരിക്കുന്നതാണ്. ഇതിനെ മലിനപ്പെടുത്തിയത് മനുഷ്യനാണ്. ഇതിന്റെ അധ്യാപനങ്ങളെ തകിടം മറിച്ചതും അവൻ തന്നെ. മാനവ മനസ്സുകളിൽ സംശയവും കുഴപ്പവും സൃഷ്ടിച്ചതും അവൻ തന്നെയാണ്. ഇത് വളരെ മോശമായ കാര്യം തന്നെ. അതുകൊണ്ടാണ് സർവ്വശക്തനായ ദൈവം തന്റെ മതത്തെ സംശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. ദൈവീക വെളിപാടുകളുടെ അനുഗ്രഹം അവൻ തെരഞ്ഞെടുക്കുന്ന ദാസന്മാരുടെ മേൽ ചൊരിയുന്നത്. ഇത് വിധിനാൾവരേയ്ക്കും തുടരുന്നതാണ്. അപ്പോൾ മാനവകുലത്തിന് നേർവഴിയിലേക്ക് മടങ്ങിവരുവാൻ കഴിയുന്നതാണ്. അവനിലുള്ള തെറ്റുകുറ്റങ്ങളെല്ലാം കളഞ്ഞ് സമാധാനത്തിലും ഐക്യത്തിലും അവന് കഴിഞ്ഞുകൂടുവാൻ കഴിയുന്നതാണ്.

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ കുഞ്ഞുങ്ങളെ ! ഇത് എന്റെ ആഗ്രഹമാണ്. മാനവകുലത്തിനെ ഒരു കുടുംബമായി കാണുക എന്നത്. ഞാൻ ഇന്ന് നിങ്ങളോടൊപ്പം കേരളത്തിലെ, മാത്രയിലെ പീസ് പാർക്ക് സ്പെഷ്യൽ സ്ക്കൂളിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ലോക ആത്മീയ നേതാവെന്ന നിലയിലും സർവ്വശക്തനായ ദൈവത്തിന്റെ വിനീത ദാസനെന്ന നിലയിലും നില്ക്കുകയാണ്. ഞാൻ നിങ്ങൾക്കെല്ലാപേർക്കും നിങ്ങളുടെ സാന്നിധ്യത്തിന് നന്ദി രേഖപ്പെടുത്തുന്നു. നിങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. സർവ്വശക്തനായ ദൈവം നിങ്ങളെ എപ്പോഴും അനുഗ്രഹിക്കട്ടെ, അവന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഖനികളിൽ നിന്ന് നിങ്ങളെ അവൻ നവീകരിക്കട്ടെ ! ദൈവമാർഗത്തിൽ പ്രവർത്തിക്കുന്നവരാകുവാൻ അവൻ നിങ്ങളെ പ്രാപ്തമാക്കട്ടെ ! അങ്ങനെ സമാധാനവും ഐക്യവും പുലരട്ടെ ! മാനവകുലത്തെ ഒറ്റ ശരീരമായി നമുക്ക് നിർമ്മിക്കാം. അങ്ങനെ സാഹോദര്യം സംജാതമാകട്ടെ ! എന്റെ ആത്മാർത്ഥമായ പ്രാർത്ഥന ഇതാണ് നിങ്ങളെല്ലാവരും ആത്മീയതയിൽ പുരോഗതി പ്രാപിക്കുന്നതു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ സർവ്വശക്തനായ ദൈവത്തിൽ നിന്നും അനുഗ്രഹീത ആത്മീയഭക്ഷണം നിങ്ങൾക്കോരോരുത്തർക്കും നുകരുവാൻ കഴിയട്ടെ ! അവനെ മാത്രം ആരാധിക്കുന്നവർക്കായി അവൻ കരുതിവെച്ചിരിക്കുന്ന ആത്മീയ ഭക്ഷണം.

ഈ കുറിപ്പോടെ ഞാൻ നിങ്ങൾക്ക് എല്ലാപേർക്കും ആശംസകൾ നേരുന്നു. അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹു നിങ്ങളുടെ ജീവിതം എല്ലായ്പ്പോഴും ശാന്തിയിലായിരിക്കട്ടെ ! നിങ്ങളുടെ ജീവിതം എപ്പോഴും ധർമ്മത്തിലായിരിക്കട്ടെ ! നിങ്ങൾ നന്മ ചെയ്യുക ! നന്മ എല്ലായിടത്തും വ്യാവിപ്പിക്കുക. സർവ്വശക്തൻ നിങ്ങളെ എല്ലാവരേയും അതിനു പ്രാപ്തമാക്കട്ടെ ! ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**